


# പെസഹാ വ്യാഴം

## അപ്പം മുറിക്കൽ (Family Prayer)

അത്താഴത്തിനുശേഷം കുടുംബാഗങ്ങൾ പ്രാർത്ഥനാമുറിയിൽ സമ്മേളിക്കുന്നു. തിരുഹൃദയരൂപത്തിൽ മുമ്പിൽ നിലവിളക്കു കത്തിച്ചിരിക്കുന്നു. കുരിശപ്പം, പെസഹാ പാൽ, അപ്പം മുറിക്കുന്നതിനുള്ള കത്തി മുതലായവ തയ്യാറാക്കിയിരിക്കണം. ബൈബിൾ സമുന്നതമായ പീഠത്തിൽ പ്രതിഷ്ഠിച്ചിരിക്കണം. കുടുംബനാഥൻ പ്രാർത്ഥന ആരംഭിക്കണം.

നേതാ : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

സമൂ : ആമ്മേൻ

നേതാ : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂ : ആമ്മേൻ

നേതാ : ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂ : ആമ്മേൻ

നേതാ : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

(സമൂഹവും ചേർന്ന്)

**നമുക്ക് പ്രാർത്ഥിക്കാം**

നേതാ : പീഡാസഹനത്തിന്റെ തലേ രാത്രിയിൽ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി വിനയത്തിന്റെ മാതൃക ഞങ്ങൾക്കു നല്കുകയും ഞങ്ങളോടൊത്തു സദാ വസിക്കുന്നതിനായി വിശുദ്ധ കുർബാന സ്ഥാപിക്കുകയും ചെയ്ത കർത്താവേ, അങ്ങയുടെ അനന്തമായ സ്നേഹവും കാരുണ്യവും അനുസ്മരിക്കുന്നതിനായി ഞങ്ങൾ നടത്തുന്ന ഈ പാവനശുശ്രൂഷയിൽ സംപ്രീതനാകണമേ. അങ്ങയുടെ കാലടികൾ പിൻതുടരുന്നതിനു ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ: ആമ്മേൻ

**സങ്കീർത്തനം: 135**

വിജ്ഞാപനം : ദൈവത്തിന്റെ അനന്തമായ ദാനങ്ങൾ ഒന്നായി ഓർത്ത് സങ്കീർത്തകനോടൊപ്പം നമുക്കും ദൈവത്തെ സ്തുതിക്കാം.

MY LORD MY GOD

നേതാ : നല്ലവനായ കർത്താവിനെ സ്തുതിക്കുവിൻ. എന്തുകൊണ്ടെന്നാൽ അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

സമൂ : നല്ലവനായ...

നേതാ : അത്യുന്നതനായ ദൈവത്തെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : അത്ഭുതപ്രവർത്തകനായ ദൈവത്തെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : തന്റെ അനന്തമായ ജ്ഞാനത്താൽ ആകാശം സൃഷ്ടിച്ചവനെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : ജലത്തിനു മുകളിലായി ഭൂമിയെ ഉറപ്പിച്ചവനെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : ആകാശമണ്ഡലത്തിൽ ഗോളങ്ങൾ നിർമ്മിച്ചവനെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : പകലിനെ ഭരിക്കുവാൻവേണ്ടി സൂര്യനെ സൃഷ്ടിച്ചവനെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ.....

നേതാ : രാത്രിയെ ഭരിക്കുവാൻ വേണ്ടി ചന്ദ്രതാരങ്ങളെ സൃഷ്ടിച്ചവനെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ.....

നേതാ : നമ്മുടെ സങ്കടകാലങ്ങളിൽ നമ്മെ ഓർത്തവനെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : നമ്മുടെ ശത്രുക്കളിൽ നിന്നെല്ലാം നമ്മെ രക്ഷിച്ചവനെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : ലോകത്തിലുള്ള ജീവികൾക്കെല്ലാം ആഹാരം നല്കുന്നവനെ സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : സ്വർഗ്ഗസ്ഥനായ ദൈവത്തെ കൃതജ്ഞതാപൂർവ്വം സ്തുതിക്കുവിൻ

സമൂ : എന്തുകൊണ്ടെന്നാൽ....

നേതാ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ : ആദിമുതൽ എന്നേക്കും, ആമ്മേൻ.

## പഴയനിയമ വായന

വിജ്ഞാപനം: പഴയനിയമകാലം മുതൽ ദൈവത്തിന്റെ തെരെഞ്ഞെടുക്കപ്പെട്ട ജനം പെസഹാ ആചരിച്ചിരുന്നു. ആ ദിവസം കുടുംബാഗങ്ങൾ ഒരുമിച്ചു പെസഹാ അപ്പം ഭക്ഷിക്കുകയും കർത്താവ് അവരോടു ചെയ്തിട്ടുള്ള അനുഗ്രഹങ്ങൾക്കു കൃതജ്ഞത അർപ്പിക്കുകയും ചെയ്തിരുന്നു. ഈജിപ്തിൽ ഫറവോയുടെ അടിമത്തത്തിൽനിന്ന് ഇസ്രായേൽ ജനത്തെ ദൈവം വിമോചിപ്പിച്ചതു സംബന്ധിച്ച് പുറപ്പാടിന്റെ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള ഭാഗം ശ്രവിക്കാം.

പ്രതിനിധി : സഹോദരരേ, പുറപ്പാടിന്റെ പുസ്തകത്തിൽനിന്നുള്ള വായന (പുറ: 12:14–17)

ഈ ദിവസം നിങ്ങൾക്ക് ഒരു സ്മരണാദിനമായിരിക്കട്ടെ. ഇതു തലമുറതോറും കർത്താവിന്റെ തിരുനാളായി നിങ്ങൾ ആചരിക്കണം. ഇതു നിങ്ങൾക്ക് എന്നേക്കും ഒരു കൽപനയായിരിക്കും. നിങ്ങൾ ഏഴു ദിവസം പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കണം. ഒന്നാം ദിവസം തന്നെ നിങ്ങളുടെ വീടുകളിൽ നിന്ന് പുളിമാവു നീക്കം ചെയ്യണം. ഒന്നുമുതൽ ഏഴുവരെയുള്ള ദിവസങ്ങളിൽ ആരെങ്കിലും പുളിച്ച അപ്പം ഭക്ഷിച്ചാൽ അവൻ ഇസ്രായേലിൽ നിന്നു വിച്ഛേദിക്കപ്പെടണം. ഒന്നാം ദിവസവും ഏഴാം ദിവസവും നിങ്ങൾ വിശുദ്ധ സമ്മേളനം വിളിച്ചുകൂട്ടണം. ആ ദിവസങ്ങളിൽ വേല ചെയ്യരുത്. എന്നാൽ, ഭക്ഷിക്കാനുള്ളതു പാകം ചെയ്യാം. പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുന്നാൾ നിങ്ങൾ ആചരിക്കണം. കാരണം, ഈ ദിവസമാണ് ഞാൻ നിങ്ങളുടെ വ്യൂഹങ്ങളെ ഈജിപ്തിൽനിന്നു പുറത്തുകൊണ്ടുവന്നത്. നിങ്ങൾ തലമുറതോറും ഈ ദിവസം ആചരിക്കണം. ഇത് എന്നേക്കുമുള്ള കൽപനയാണ്.

സമൂ: ദൈവമായ കർത്താവേ, അങ്ങേയ്ക്കു സ്തുതി.

അല്പസമയം മൗനമായി ധ്യാനിക്കുന്നു. കാല് കഴുകൽ ശുശ്രൂഷ നടത്തുന്ന പതിവുണ്ടെങ്കിൽ അതു നിർവ്വഹിക്കുന്നു.

**ഗാനം**

താലത്തിൽ വെള്ളമെടുത്തു

വെൺകച്ചയുമരയിൽ ചുറ്റി

മിശിഹാതൻ ശിഷ്യന്മാരുടെ

പാദങ്ങൾ കഴുകി...(2)

വിനയത്തിൻ മാതൃക നല്കാൻ
സ്നേഹത്തിൻ പൊൻകൊടി നാട്ടാൻ
സകലേശൻ ദാസന്മാരുടെ
പാദങ്ങൾ കഴുകി....(2)   (താല...)

ഗുരുവെന്നു വിളിപ്പൂ നിങ്ങൾ
പരമാർത്ഥതയുണ്ടതിലെങ്കിൽ
ഗുരു നല്കിയ പാഠം നിങ്ങൾ
സാദരമോർത്തിടുവിൻ....(2)   (താല...)

പാദങ്ങൾ കഴുകിയ ഗുരുവിൻ
ശിഷ്യന്മാർ നിങ്ങളതോർത്താൽ
അന്യോന്യം പാദം കഴുകാൻ
ഉൽസുകരായ്ത്തീരും...(2)      (താല...)

MY LORD MY GOD

വത്സലരേ, നിങ്ങൾക്കായ് ഞാൻ
നല്കുന്നു, പുതിയൊരു നിയമം
സ്നേഹിപ്പിൻ സ്വയമെന്നതുപോൽ
അന്യോന്യം നിങ്ങൾ....(2)      (താല..)

ഞാനേകിയ കല്പനയെല്ലാം
പാലിച്ചു നടന്നിടുമെങ്കിൽ
നിങ്ങളിലെൻ നയനം പതിയും
സ്നേഹിതരായ്ത്തീരും...(2)    (താല...)

## ക്ഷമായാചന പ്രാർത്ഥന

(കുടുംബനാഥൻ പ്രാർത്ഥിക്കുന്നു)

ഞങ്ങളുടെ രക്ഷകനായ കർത്താവേ, (എല്ലാവരും കൂടി) ഗുരുവും നാഥനുമായിരുന്നിട്ടും സ്നേഹത്തിന്റെയും സേവനത്തിന്റെയും മാതൃക കാണിക്കുവാൻ അങ്ങു സ്വന്തം ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയല്ലോ. പരസ്പരസ്നേഹത്തിന്റെയും സേവനത്തിന്റെയും കാര്യത്തിൽ ഞങ്ങൾ ചെയ്തുപോയിട്ടുള്ള എല്ലാ തെറ്റുകളെക്കുറിച്ചും ഞങ്ങൾ മനസ്തപിക്കുകയും അവയ്ക്കെല്ലാം മാപ്പപേക്ഷിക്കുകയും ചെയ്യുന്നു. മേലിൽ അങ്ങയുടെ ദിവ്യമാതൃകയ്ക്കൊത്ത വിധം ജീവിതം നയിച്ചുകൊള്ളാമെന്നു ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഞങ്ങളുടെ ഈ പ്രതിജ്ഞ സ്വീകരിച്ചു ദയാപൂർവ്വം ഞങ്ങളെ അനുഗ്രഹിക്കണമേ

സമൂ: അമ്മേൻ

ആരെങ്കിലും വഴക്കിലോ പിണക്കത്തിലോ ആണെങ്കിൽ പരസ്പരം ക്ഷമ ചോദിച്ച് ഈ സന്ദർഭത്തിൽ രമ്യപ്പെടേണ്ടതാണ്.

വിജ്ഞാപനം: വിശുദ്ധ കുർബാനയുടെ സ്ഥാപനത്തെക്കുറിച്ചു വിശുദ്ധ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള ഭാഗം നമുക്ക് ശ്രവിക്കാം

MY LORD MY GOD

നേതാ : നിങ്ങൾക്കു സമാധാനം.

സമൂ : അങ്ങേയ്ക്കും സമാധാനം.

സമൂ : അങ്ങേയ്ക്കും സമാധാനം

നേതാ : വിശുദ്ധ മത്തായി എഴുതിയ നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം (മത്താ: 25:26–30)

''അവർ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഈശോ അപ്പമെടുത്ത് ആശീർവ്വദിച്ച് മുറിച്ച് ശിഷ്യന്മാർക്ക് നല്കിക്കൊണ്ട് അരുളിച്ചെയ്തു: 'നിങ്ങൾ എടുത്തു ഭക്ഷിക്കുവിൻ; ഇത് എന്റെ ശരീരമാകുന്നു'. പിന്നീട് പാനപാത്രമെടുത്തു കൃതജ്ഞതാ സ്തോത്രം ചെയ്ത് അവർക്കു നല്കിക്കൊണ്ട് അരുളിച്ചെയ്തു: 'നിങ്ങളെല്ലാവരും ഇതിൽനിന്നു പാനം

ചെയ്യുവിൻ. എന്തുകൊണ്ടെന്നാൽ, ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാകുന്നു. ഞാൻ നിങ്ങളോടു പറയുന്നു: എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടൊത്തു നവമായി ഇതു പാനം ചെയ്യുന്ന ദിവസം വരെ മുന്തിരിയുടെ ഈ ഫലത്തിൽനിന്നു ഞാൻ വീണ്ടും കുടിക്കുകയില്ല'. അനന്തരം സ്തോത്രഗീതം ആലപിച്ചിട്ട് അവർ ഒലിവുമലയിലേയ്ക്കു പോയി''.

സമൂ: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

അല്പസമയത്തെ മൗനത്തിനുശേഷം കുടുംബനാഥൻ പ്രാർത്ഥിക്കുന്നു.

## നമുക്കു പ്രാർത്ഥിക്കാം

നേതാ: ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ മിശിഹായേ, വിരുന്നും ബലിയുമായി വിശുദ്ധ കുർബാന സ്ഥാപിക്കുകയും ആ സ്വർഗീയ വിരുന്നിൽ പങ്കാളികളാകുവാൻ ഞങ്ങളെ ക്ഷണിക്കുകയും ചെയ്തതിനു ഞങ്ങൾ നന്ദി പറയുന്നു. പെസഹാ രഹസ്യത്തിന്റെ അനുസ്മരണം കൊണ്ടാടുന്ന ഈ സമയത്തു ഞങ്ങൾ അനുഭവിക്കാൻ പോകുന്ന ഈ പെസഹാ അപ്പത്തെയും പാലിനെയും ആശീർവ്വദിക്കണമേ. (പെസഹാ അപ്പം കൈയിലെടുത്തുകൊണ്ട്), അനേകം ധാന്യമണികൾ ചേർന്ന് ഈ അപ്പം ഉണ്ടായിരിക്കുന്നതുപോലെ ഞങ്ങളെല്ലാവരും അങ്ങയിൽ ഒന്നായി ഭവിക്കട്ടെ. ഇതിൽനിന്നു പങ്കുപറ്റുന്ന ഞങ്ങളെല്ലാവരും ജീവിതാന്ത്യത്തിൽ സ്വർഗ്ഗിയവിരുന്നിൽ പങ്കുകാരാകുവാൻ ഇടവരുത്തണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

MY LORD MY GOD

സമൂ: ആമ്മേൻ

കുടുംബനാഥൻ അപ്പം മുറിച്ച് പാലിൽ മുക്കി പ്രായമനുസരിച്ച് കുടുംബാഗങ്ങൾക്കു കൊടുക്കുന്നു. ഓരോരുത്തരും ഇരുകൈകളും നീട്ടി വാങ്ങി ഭക്തിപൂർവ്വം ഭക്ഷിക്കുന്നു.

അപ്പം കൊടുക്കുമ്പോൾ, ''മിശിഹാ നിന്നെ അനുഗ്രഹിക്കട്ടെ'' എന്നു പറയുന്നു. അപ്പം സ്വീകരിക്കുന്നവർ ''രക്ഷകനായ മിശിഹായ്ക്കു സ്തുതി'' എന്നു പറയുന്നു.

എല്ലാവരും സ്നേഹപൂർവ്വം ഭക്ഷിക്കുന്നു. തത്സമയം അവസരോചിതമായ ഒരു ഗാനം ആലപിക്കുന്നു.

Source: ഫാമിലി ലിറ്റർജി – ഫാ. ജേക്കബ് ഏറണാട്ട്